കാട്ടുതീയിൽ നിന്നും വനം സംരക്ഷിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന ദിവസക്കൂലി തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ നടപടി

39. [1525] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടുതീയിൽ നിന്നും വനം സംരക്ഷിക്കുന്നതിനും നഴ്സറികൾ സംരക്ഷിക്കുന്നതിനും വനംവകുപ്പ് നിയോഗിച്ചിരിക്കുന്ന ദിവസക്കൂലി തൊഴിലാളികൾക്ക് എത്ര തുക ശമ്പളമിനത്തിൽ കുടിശ്ശികയായി നൽകാനുണ്ട് ;

(ബി) ഈ തൊഴിലാളികളിൽ ഗിരിവർഗ്ഗക്കാർ ഉണ്ടോ ;

(സി) എത്രമാസത്തെ ശമ്പളമാണ് കുടിശ്ശികയായിട്ടുള്ളത് ;

(ഡി) 1996 മാർച്ച് 31-ന് മുൻപ് ഈ കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെയും ലാറർ ഓഫ് ക്രഡിറ്റിന്റെയും ലഭ്യതയനുസരിച്ച് കഴിയാവുന്നത്ര തുക നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഏലം തോട്ടങ്ങളുടെ നടത്തിപ്പിലുണ്ടായ അപാകതമൂലം കേരള വനം വികസന കോർപ്പറേഷന് നേരിട്ട നഷ്ടം

40. [1526] ശ്രീ. പി. രാജു :

,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

,, വി. വി. രാഘവൻ :

,, കെ. പ്രകാശ് ബാബു :

,, കെ.ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലം തോട്ടങ്ങളുടെ നടത്തിപ്പിലുണ്ടായ അപാകതമൂലം കേരള വനം വികസന കോർപ്പറേഷന് നഷ്ടമുണ്ടായിട്ടുണ്ടോ ;

(ബി) 1991 മുതൽ 1995 വരെ ഓരോ വർഷവും ഇപ്രകാരം ഉണ്ടായ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനസംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷിരീതികൾ അവലംബിക്കുന്നതിനാലും, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മൂലവും ഏലത്തോട്ടങ്ങൾ നഷ്ടത്തിലാണ്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly